# Deepika

## 27 August 2018

## Idukki; After Flood, Disaster Fund

# ഇടുക്കിയിലെ നാശനഷ്ടം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപെടുത്തും: രാഹുൽ ഗാന്ധി

**ചെറുതോണി:** ജില്ലയിൽ പ്രകൃതിക്ഷോഭത്താലുണ്ടായിരിക്കുന്ന ദുരന്തം കേന്ദ്രസർക്കാരിന്റെയും പാർലമെന്റിന്റെയും ശ്രദ്ധയിൽപെടുത്തുമെന്നു കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി. ചെറുതോണിയിൽ ദുരിതബാധിതരെ കണ്ട ശേഷം ഡിസിസി സമർപ്പിച്ച നിവേദനം സ്വീകരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇടുക്കിയിലുണ്ടായതു വളരെ വലിയ ദുരന്തങ്ങളാണ്. വ്യാപക കൃഷിനാശവുമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുനരധിവാസ നടപടികളും ജില്ലയുടെ പുനർനിർമാണവും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. ഇടുക്കിയിലെ സാധാരണക്കാരായ ജനങ്ങൾക്കൊപ്പം അല്പസമയം ചെലവിട്ടത് എന്നും മനസിൽ സൂക്ഷിക്കുമെന്നും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വേറിട്ട അനുഭവമാണ് ഇടുക്കിയിൽനിന്നു ലഭിച്ചതെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

കെപിസിസി നടപ്പാക്കുന്ന ആയിരം ഭവനപദ്ധതിയിൽ ഇടുക്കി ജില്ലയെകൂടി പങ്കാളികളാക്കാൻ അദ്ദേഹം നിർദേശിച്ചു. കോൺഗ്രസിന്റെയും സഖ്യകക്ഷികളുടെയും രാജ്യസഭ എംപിമാർ കഴിയുന്നത്ര തുക ജില്ലയ്ക്കു നൽകാൻ നിർദേശം നൽകണമെന്നു ഡിസിസി പ്രസിഡന്റ് ഇബ്രാഹിംകുട്ടി കല്ലാർ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു.

വയനാട്ടിലെ പ്രളയബാധിത പ്രദേശം സന്ദർശിക്കാനിറങ്ങിയ രാഹുൽ ഗാന്ധി കാലാവസ്ഥ മോശമായതിനാൽ ഡിസിസി പ്രസിഡന്റിന്റെ ആവശ്യപ്രകാരമാണ് ഇടുക്കിയിൽ സന്ദർശനത്തിനെത്തിയത്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എഐസിസി ജനറൽ സെക്രട്ടറിമാരായ മുകുൾ വാസ്നിക്, കെ.സി. വേണുഗോപാൽ എംപി, റോഷി അഗസ്റ്റിൻ എംഎൽഎ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസ്, ഡീൻ കുര്യാക്കോസ്, റോയ് കെ. പൗലോസ്, എസ്. അശോകൻ, പ്രഫ.എം.ജെ. ജേക്കബ്, എം.കെ. പുരുഷോത്തമൻ, സി.പി. മാത്യു, ആഗസ്തി അഴകത്ത്, എ.പി. ഉസ്മാൻ, വിജയകുമാർ മറ്റക്കര, പി.ഡി. ജോസഫ്, ആൻസി തോമസ്, എം.ഡി. അർജുനൻ, എൻ. പുരുഷോത്തമൻ, ജെയ്സൺ കെ.ആന്റണി, എം.എൻ. ഗോപി, സേനാപതി വേണു, സി.എസ്. യശോദരൻ തുടങ്ങിയവരും പങ്കെടുത്തു.

## രക്ഷാപ്രവർത്തനത്തിനിടെ പരിക്കേറ്റവരെ ഫോണിൽ വിളിച്ച് രാഹുൽ ഗാന്ധി

**കൊച്ചി:** പ്രളയക്കെടുതിയിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനിടെ പരിക്കേറ്റ മത്സ്യത്തൊഴിലാളികൾക്കു സാന്ത്വനവുമായി കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ ഫോൺ വിളി.

കാലാവസ്ഥ പ്രതികൂലമായതിനാൽ വയനാട് സന്ദർശനം റദ്ദാക്കി പകരം ഇടുക്കിയിലേക്കു പോകാൻ നേവിയുടെ വിമാനത്താവളത്തിൽ വിശ്രമിക്കുന്നതിനിടെയാണ് മത്സ്യത്തൊഴിലാളികളുടെ രോഗവിവരം സംബന്ധിച്ച കാര്യങ്ങൾ കെ.സി. വേണുഗോപാൽ എംപി രാഹുൽ ഗാന്ധിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

ഇവരുടെ കുടുംബത്തിന്റെ സാഹചര്യങ്ങളും അദ്ദേഹം വിവരിച്ചു. ഓരോരുത്തരുടെയും പരിക്കുകളുടെ സ്വഭാവം ഉൾപ്പെടെയുള്ള കാര്യങ്ങൾ മനസിലാക്കിയ രാഹുൽ ഗാന്ധി ഇവരോട് സംസാരിക്കാൻ താത്പര്യമുണ്ടെന്ന് അറിയിച്ചു.

കരുനാഗപ്പള്ളി അഴീക്കൽ സ്വദേശി ഹിരൺ കുമാർ, ആറാട്ടുപുഴ സ്വദേശി രത്നകുമാർ, അർത്തുങ്കൽ സ്വദേശി സ്റ്റാലിൻ എന്നിവരെ വേണുഗോപാൽ എംപി ഫോണിൽ വിളിച്ചു നൽകി.